O
H
S
S

# OHSS VALLAPPUZHA



# ACADEMIC MASTER PLAN 2025-26

VALLAPUZHA

ACADEMIC MASTER PLAN - SCIENCE



# ആമുഖം

ശാസ്ത്രം നമ്മുടെ ചുറ്റുപാടുകളെ കുറിച്ചുള്ള പഠനമാണ്. അത് പ്രകൃതിയെ, ജീവികളെ, വിശ്വത്തെ എന്നിവയെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. നിരീക്ഷണം, പരീക്ഷണം, കണ്ടെത്തലുകൾ എന്നിവ വഴി ശാസ്ത്രം വസ്തുക്കൾ എങ്ങനെ പ്രവർത്തിക്കുന്നു, എന്തുകൊണ്ട് സംഭവിക്കുന്നു എന്നത് വ്യക്തമാക്കുന്നു. ഇതിന് ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം പോലുള്ള പല ശാഖകളും ഉണ്ട്. വൈദ്യുതി, മരുന്നുകൾ, ഗതാഗതം, ആശയവിനിമയം തുടങ്ങിയ കണ്ടുപിടിത്തങ്ങളിലൂടെ ശാസ്ത്രം നമ്മുടെ ജീവിതം എളുപ്പമാക്കി. ശാസ്ത്രം ഒരു അറിവ് മാത്രമല്ല, ചിന്തിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഉള്ള ഒരു മാർഗമാണ്.

# ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തിൽ സവിശേഷ കഴിവുള്ള വിദ്യാർത്ഥികളെ അതിന് അനുയോജ്യമായ മേഖലകളിലേക്ക് കൈപിടിച്ചു നടത്തുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുക.
3. ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾക്കും ധാരണകൾക്കും ഉണ്ടായേക്കാവുന്ന കുറവുകൾ നീക്കാൻ പിന്തുണ നൽകുക.
4. ശാസ്ത്രചിന്ത, ശാസ്ത്രബോധം, അന്വേഷണാത്മക മനോഭാവം എന്നിവ വളർത്തുക.
5. ശാസ്ത്രപഠനം സാമൂഹ്യ പുരോഗതിക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
6. ശാസ്ത്രപഠനത്തിൽ ഐ.ടി.യുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
7. പരിസ്ഥിതിബോധം വളർത്തുക.

## അക്കാദമിക് മാസ്റ്റർ പ്ലാൻ – SCIENCE (2025-26)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | വിദ്യാർത്ഥികളിൽ ശാസ്ത്രീയ കൗതുകം വളർത്തുക | Pre-Test, Quiz, Discussion, Observation Activities | ജൂൺ | സയൻസ് അധ്യാപകർ |
| 2 | ദിനചര്യയുമായി ബന്ധപ്പെട്ട ശാസ്ത്രീയ അറിവ് നൽകുക | പ്രായോഗിക പരീക്ഷണങ്ങൾ, പോസ്റ്റർ നിർമ്മാണം, Seminar, Science Corner പ്രവർത്തനം | ജൂലൈ | സയൻസ് അധ്യാപകർ |
| 3 | ശാസ്ത്രസാമൂഹിക | Science Club | ആഗസ്റ്റ് | സയൻസ് |

| | | | | | |
|---|---|---|---|---|---|
| | | പഠനം | രൂപീകരണം, കുട്ടികളിൽ ശാസ്ത്രപരമായ അവതരണങ്ങൾ | | അധ്യാപകർ |
| 4 | | നവീകരണ ചിന്താശേഷി വളർത്തുക | Project Work, Model Making, Experiment Presentation | സെപ്റ്റംബർ | സയൻസ് അധ്യാപകർ |
| 5 | | ദേശീയ/ സംസ്ഥാന തല മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുക | Quiz Competition, Talent Search, Science Talent Test, Inspire Programme | ഒക്ടോബർ | സയൻസ് അധ്യാപകർ |
| 6 | | ശാസ്ത്രീയ സമീപനം ദിനചര്യയിലേക്ക് വ്യാപിപ്പിക്കുക | Exhibition, Field Visit (Science Park/Planetarium), Practical Lab Activities | നവംബർ | സയൻസ് അധ്യാപകർ |
| 7 | | ശാസ്ത്ര ദിനാഘോഷം | Seminar, Debate, Documentary Show, Invited Talk | ഫെബ്രുവരി 28 (Science Day) | സയൻസ് അധ്യാപകർ |
| 8 | | വാർഷിക പഠന വിലയിരുത്തൽ | Post-Test, Achievement Test, Student Project Presentation | മാർച്ച് | സയൻസ് അധ്യാപകർ |

O H S S VALLPUZHA
ACADEMIC MASTER PLAN – ENGLISH




## Introduction

English is recognized as the language of global communication, knowledge, and progress. In today's interconnected world, proficiency in English opens countless doors to education, career, and cultural exchange. It equips learners with the ability to access modern science, technology, and literature, while also enhancing confidence in expressing ideas effectively. The language fosters critical thinking, creativity, and collaboration, preparing students to meet the challenges of the 21st century. A strong foundation in English ensures better opportunities for higher studies, professional growth, and global participation. It

is not just a tool for learning but a bridge to connect with the wider world, shaping learners into confident individuals ready for a successful future.

## Objectives

1. To develop proficiency in the four core language skills – listening, speaking, reading, and writing.
2. To enhance vocabulary, grammar, and communication skills for effective expression.
3. To build confidence in using English in academic, social, and real-life situations.
4. To nurture creativity, imagination, and critical thinking through literature and language activities.
5. To prepare students for higher studies, competitive exams, and global opportunities.
6. To cultivate cultural awareness, empathy, and appreciation of diverse perspectives through English learning.


## ACADEMIC MASTER PLAN ENGLISH (2025-26)

| Sl. No | Objective | Activities | Month | Responsibility |
|---|---|---|---|---|
| 1 | Assess the learning level of students and identify gaps | Pre-Test, Baseline test, Diagnostic test, Student | June | English Teachers |

| | | | | |
|---|---|---|---|---|
| | | Profile preparation | | |
| 2 | Enhance reading, speaking, listening, and writing skills | Bridge Course activities, Language games, Role play, Pair/Group work, Vocabulary enrichment, “Student English Club” activities | June–July | English Teachers |
| 3 | Develop grammar and usage | Daily language drills, Worksheets, Grammar corners in classroom, Peer correction | July–August | English Teachers |
| 4 | Improve reading comprehension | Silent reading sessions, Reading comprehensio n exercises, | August | English Teachers & Librarian |

| | | | | |
|---|---|---|---|---|
| | | Newspaper reading corner, Library hour activities | | |
| 5 | Promote creative expression | Essay writing, Story writing, Poem writing, Poster designing, English Fest competitions | Septem ber | English Teachers |
| 6 | Strengthen listening and speaking skills | Listening tests,Extemp ore speech, Debates, Skit/Drama presentations , Interview practice | October | English Teachers |
| 7 | Prepare for continuous evaluation and term exams | Revision worksheets, Model question papers, Peer evaluation, Remedial teaching for | Novem ber | English Teachers |

| | | | | |
|---|---|---|---|---|
| | | weak learners | | |
| 8 | Equip students for SSLC/Board Exam (Class 10) | Intensive revision, Previous year question paper discussion, Special focus on Writing Skills (letter, speech, report, dialogue) | December–January | English Teachers |
| 9 | Ensure remedial support and enrichment | Remedial classes, Special coaching for slow learners, Enrichment activities for advanced learners | Throughout year | English Teachers |
| 10. | Final evaluation & consolidation | Model exam, Post-test, Review of learning outcomes, Portfolio assessment | February–March | English Teachers |




**ACADEMIC MASTER PLAN 2025-2026**
**MATHEMATICS**

## ഗണിതം മധുരം

ശാസ്ത്രത്തിൻ്റെ വാതിലും താക്കോലും ഗണിതമാണ് . ഗണിത ശാസ്ത്രം നമ്മുടെ ജീവിതത്തിൻ്റെ എല്ലാ മേഖലകളിലും അത്യന്താപേക്ഷിതമാണ്. ഒരു സാധാരണ മനുഷ്യൻ്റെ ദൈനംദിന ജീവിതം പോലും ഗണിതം ഇല്ലാതെ പൂർത്തിയാക്കാനാവില്ല. വാങ്ങലിലും വിൽപ്പനയിലും 2020 കണക്കാക്കുന്നതിലും, അളവുകളിലും എല്ലായിടത്തും ഗണിതം ആവശ്യമാണ്.

വിദ്യാഭ്യാസ രംഗത്ത് ഗണിതം ഒരു അടിസ്ഥാന വിഷയം ആണെന്ന് പറയാം. ഭൗതിക ശാസ്ത്രം, രസതന്ത്രം കമ്പ്യൂടർ ശാസ്ത്രം തുടങ്ങിയവയ്ക്കെല്ലാം ഗണിതം അടിസ്ഥാനമാണ്. ശാസ്ത്ര സാങ്കേതിക രംഗത്തെ എല്ലാ പുതുമകളും കണ്ടു പിടിത്തങ്ങളും ഗണിതത്തിൻ്റെ കത്തിലാണ്.

ഗണിതപഠനം നാമ്മുടെ താർക്കിക ചിന്താശേഷി പ്രശ്നപരിഹാര കഴിവ്, ക്രമബന്ധമായ സമീപനം എന്നിവ വളർത്തുന്നു. അതിനാൽ, ഗണിത ശാസ്ത്രം വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനും സമൂഹത്തിൻ്റെ പുരോഗതിക്കും അനിവാര്യമാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ<br>2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br>3) ഗണിതത്തെ നിത്യജീവിതവ ുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ .<br><br>4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിജയപ്പെടൽ<br><br>5) അധ്യാപകർ കാലാനുസൃതമ ായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു<br><br>6) ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ<br><br>7) ഗണിത വിഷയത്തിന് കുട്ടികളുടെ മിച്ച ഭാവനകൾ | മാസം തോറും പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br><br>ഇൻസ്ട്രുമെൻറ് ബോക്സിനെ പരിജയപ്പെടുത്തൽ<br><br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br><br>ക്വിസ്സ് മത്സരങ്ങൾ നടത്തുന്നു.<br><br>വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു.<br><br>ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ.<br><br>ഗണിത ഗെയിംസ്, ചാർട്ട് നിർമ്മാണ മത്സരം ഓണവുമായി ബന്ധപ്പെട്ട ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തി രംഗോലി ചാർട്ട് നിർമ്മാണം<br><br>ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ<br><br>ജൂൺ ആദ്യവാരം<br><br>ജൂലായ് രണ്ടാം വാരം<br><br>അക്കാദമിക വർഷം തുടർ പ്രവർത്തനം<br><br>മാസത്തിൽ ഒന്ന്<br><br>സെപ്റ്റംബർ<br><br>ആവശ്യാനുസരണം | അധ്യാപകർ<br><br>അധ്യാപകർ<br><br>അധ്യാപകർ,ഗണിത ക്ലബ്ബ്<br><br>അധ്യാപകർ<br><br>ക്ലബ്ബ് ചെയർമാൻ, അധ്യാപകർ<br><br>ഗണിത ക്ലബ് അംഗങ്ങൾ, അധ്യാപകർ<br><br>SRG |

| | | | |
|---|---|---|---|
| 8) വിവിധ ശേഷികളുടെ വികസനം | | | |




**OHSS VALLAPPUZHA**

**ACADEMIC MASTER PLAN ARABIC 2025-2026**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം | അറബിക് ലൈബ്രറി രൂപീകരിക്കുക. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുക. വായനാ കോർണർ രൂപീകരിക്കുക. | 6 മാസം ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി | അധ്യാപകർ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| വളർത്തുക, നല്ല വായനക്കാരന ാവുക | | | | |
| <u>എഴുത്ത്</u><br><br>എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്തുക | ക്ലാസ്തല മാഗസിനുകളും സ്കൂൾതല മാഗസിനുകളും നിർമ്മിക്കുന്നു. അറബിയിൽ കഥയും കവിതയും മറ്റു കൃതികളും ഉൾകൊള്ളിക്കുന്നു. ഏറ്റവും നല്ല മാഗസിനു സമ്മാനം നൽകുന്നു. | സെപ്റ്റംബർ - നവംബർ | | അധ്യാപകർ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| <u>അറിവ്</u><br><br>അറബിയിൽ അറിവ് നേടുക. | പ്രത്യേകതകൾ ഉള്ള ദിവസങ്ങളിൽ അതിനോടനുബന്ധിച്ച് ക്വിസ്സ് മത്സരം സംഘടിപ്പിക്കുക. നോട്ടീസ് ബോർഡിൽ ഒരു ദിനം ഒരു ചോദ്യം എന്ന രീതിയിൽ ദിവസവും ഓരോ ചോദ്യം പ്രദർശിപ്പിക്കുകയും തെരഞ്ഞെടുപ്പിൽ വിജയിയെ കണ്ടെത്തുകയും സമ്മാനം നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ എല്ലാ മാസവും | സ്കൂൾ നോട്ടീസ് ബോർഡ് | അധ്യാപകർ സ്കൂൾ മാനേജ്മെന്റ് |
| <u>പ്രതിഭകളെ കണ്ടെത്തുക</u> | പ്രതിഭകളെ കണ്ടെത്താനുള്ള വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുന്നു അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ജനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ഓഗസ്റ്റ് - നവംബർ | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br><br>ദിനാചരണങ്ങളെ കുറിച്ചുള്ള | | ജൂൺ മുതൽ എല്ലാ മാസവും | സ്കൂൾ സ്മാർട്ട് റൂം. | |

| | | | | |
|---|---|---|---|---|
| ബോധം ഉണ്ടാക്കുന്നു. | | എല്ലാ മാസത്തിലും. | സ്കൂൾ സ്മാർട്ട് റൂം. | അധ്യാപകർ |
| <u>ആസ്വാദനം</u> | ദിനാചരണ ദിവസങ്ങളിൽ പ്രത്യേകം പോസ്റ്ററുകൾ നിർമ്മിക്കുന്നു. അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | ഐ. ടി. ലാബ് | അധ്യാപകർ |
| <u>ലാംഗ്വേജ് ലാബ്</u> | ഐ. ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥ, കവിത, ആനിമേഷൻ ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | | | അധ്യാപകർ |
| <u>അറബിക് ഫെസ്റ്റ്</u><br>അറബി ഭാഷയെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | അറബി പരീക്ഷയ്ക്ക് വേണ്ട അതിക പ്രവർത്തനങ്ങൾ പഠിക്കാനും മനസ്സിലാക്കാനും സഹായിക്കുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | | |
| | അറബി ഭാഷയെ കുറിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ അറിയാനും മനസ്സിലാക്കാനും ഭാഷയോട് കൂടുതൽ അടുക്കാനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ചെയ്ത പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുള്ള റിപ്പോർട്ട് ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നു. | | | അധ്യാപകർ പത്രപ്രവർത്തകർ |



മലയാളം എന്നത് അനുഭവസ്ഥമായ ഒരു-വിഷയമാണ്. വായന അറിഞ്ഞാൽ നമ്മുടെ മലയാള ഭാഷയെ-ക്കാൾ നല്ലൊരു ഭാഷ വേറെയില്ല. ഓരോ വാക്കുകൾ പറയു-മ്പോൾ അത് ഉൾക്കണ്ണുകൊണ്ട് കാണുകയും അനുഭവിക്കുകയും ചെയ്തുകൊണ്ട് നമ്മുക്ക് ആശയങ്ങളെ വികസിപ്പിച്ചെടുക്കാനുള്ള കഴിവ് മലയാള ഭാഷയിലൂടെ നേടുന്നു.

നാടകം അഭിനയിക്കാനും സംവാദം നടത്താനും വാങ്മയ ചിത്രങ്ങൾ രചിക്കാനും സ്വതന്ത്രമായി ചിന്തിച്ച് സ്വന്തമായി അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ എന്നിവ പ്രകടിപ്പിക്കാനും നൂതന ചിന്തകൾ വിശകലനം ചെയ്ത് അവതരിപ്പിക്കാനും മലയാള ഭാഷ അവസരങ്ങൾ ഒരുക്കുന്നു. നിരവധി പ്രവർത്തനങ്ങളും വ്യവഹാരങ്ങളും പരിചയപ്പെടാനും മുൻ ക്ലാസുകളിലേക്ക് പ്രയോജനപ്രദമാം വിധം പരിശീലിക്കാനും മാതൃഭാഷാപഠനം ഓരോ കുട്ടിയെയും സഹായിക്കുന്നു.

ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ -

ജൂൺ - 5

പരിസ്ഥിതി ദിനം

സ്കൂളിന്റെ പൊതുപരിപാടിയുമായി സംയോജിച്ച് - പരിസ്ഥിതി ഗാനം ആലപിച്ചു.

ജൂൺ - 19

പി. എൻ. പണിക്കർ ചരമദിനം.

വായനാവാരം ഉദ്ഘാടനവും വായനാവാരം പോസ്റ്റർ മത്സരവും വായനാ മത്സരവും ക്വിസ് മത്സരവും സംഘടിപ്പിച്ചു. അസംബ്ലി സംഘടിപ്പിച്ച് കുട്ടികളുടെ സൃഷ്ടികൾ അടങ്ങിയ കയ്യെഴുത്തു മാസികകൾ പ്രകാശനം ചെയ്യുകയും, പുസ്തക പരിചയം നടത്തുകയും ; കവിയെ പരിചയപ്പെടുത്തുകയും ചെയ്തു.

ജൂലൈ - 5

ബഷീർ ദിനത്തോടനുബന്ധിച്ച് കൃതികളിലെ സൃഷ്ടികൾ - വികസിപ്പിക്കാൻ ക്വിസ് മത്സരവും, പോസ്റ്റർ നിർമ്മാണവും നടത്തി. ബഷീറിന്റെ കൃതികളിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുകയും യു. പി. തലത്തിൽ പ്രച്ഛന്ന വേഷം നടത്തുകയും ചെയ്തു.

ആഗസ്റ്റ് - 15

സ്കൂളിന്റെ പൊതുപരിപാടിയുമായി സഹകരിച്ചുകൊണ്ട് ദേശഭക്തി ഗാനം സംഘടിപ്പിക്കുകയും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

സെപ്തംബർ 5

അധ്യാപക ദിനം, പ്രവർത്തനമായി സ്കൂളിന്റെ പൊതു പരിപാടിയുടെ ഭാഗമായി, ഓർമകളിലെ അധ്യാപകർ എന്നതിനെ കുറിച്ച് അനുഭവ കുറിപ്പ് സംഘടിപ്പിച്ചു.

ഒക്ടോബർ - 16

ഇടശ്ശേരി അനുസ്മരണം, ഇടശ്ശേരിയുടെ കവിതാലാപനം സംഘടിപ്പിച്ചു

ഒക്ടോബർ 27


വയലാർ ദിനം അനുസ്മരണവും കവിതകളുടെയും ഗാനങ്ങളുടെ
യും അവതരണം കുട്ടികൾക്കും അധ്യാപകർക്കും.

നവംബർ - 1

കേരളപിറവി ദിനം
സ്കൂളിന്റെ പൊതുപരിപാടിയുടെ ഭാഗമായുള്ള പ്രവർത്തന
ങ്ങൾ നടത്തുകയും, 'നമ്മുടെ കേരളം' എന്ന വിഷയത്തെ കുറി
ച്ച് മുതിർന്ന ക്ലാസുകളിൽ പ്രസംഗമത്സരവും ചെറിയ ക്ലാസു
കളിൽ ഉപന്യാസവും നടത്തുന്നു.

ജനുവരി - 16

കുമാരനാശാൻ ചരമദിനം, മികച്ച കുമാരനാശാന്റെ കൃതി
കുട്ടികൾ പരിചയപ്പെടുത്തൽ, കവിതാ രചന മത്സരവും നടത്താ
ൻ തീരുമാനിച്ചിട്ടുണ്ട്.


हिन्दी

2025-26 അധ്യയന വർഷത്തിൽ ജൂൺ ആദ്യവാരത്തിൽ കുട്ടികൾക്ക് രാഷ്ട്രഭാഷയെ കുറിച്ച് മനസ്സിലാക്കിപ്പിക്കുന്നതിനും ഹിന്ദി ഭാഷ കൈകാര്യം ചെയ്യുവാനും വേണ്ടി ഹിന്ദി ക്ലബ് രൂപീകരിക്കുന്നു. ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള രണ്ട് കുട്ടികളെ സെക്രട്ടറിയായും പ്രസിഡന്റായും നിയമിച്ചു.

ജൂൺ 5 ഞങ്ങൾ പരിസ്ഥിതി ദിനം വിപുലമായി ആഘോഷിച്ചു. പരിസ്ഥിതിയുടെ മഹത്വത്തെ കുറിച്ചും പ്രകൃതി സംരക്ഷണത്തെ കുറിച്ചും കുട്ടികളെ ബോധവത്കരിപ്പിച്ചു. ഹിന്ദി ഭാഷയിൽ തന്നെ ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതി. അതുപോലെ തന്നെ Poster making നടത്തി. പ്രസംഗം സംഘടിപ്പിച്ചു. ഈ ദിവസത്തെ കുറിച്ച് ചെറിയ കവിതകൾ എഴുതിപ്പിച്ചു.

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് വായനാ മത്സരങ്ങൾ സംഘടിപ്പിച്ചു. ഒരു ആഴ്ച ഒരു വിധം എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കൊണ്ട് ക്ലാസിൽ തന്നെ കുട്ടികൾക്ക് വായിക്കാനുള്ള അന്തരീക്ഷം ഒരുക്കി കൊടുത്തു. എഴുത്ത് പദാവലി കഴിവുകൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്നിവ വർദ്ധിപ്പിക്കുന്നതിന് വിവിധ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ജൂലായ് 31 മുൻഷി പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ കഥകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി. പ്രേംചന്ദിന്റെ കഥകളെയും ധാർമ്മിക മൂല്യങ്ങളെയും അടിസ്ഥാനമാക്കി പോസ്റ്ററുകൾ സംഘടിപ്പിച്ചു.

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സ്വാതന്ത്ര്യദിനത്തെ കുറിച്ച് അതിന്റെ മഹത്വത്തെ കുറിച്ചും കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. പതാകഗാനം, വന്ദേമാതരം ദേശഭക്തിഗാനം എന്നിവ സംഘടിപ്പിച്ചു. അഭിമാനവും ഐക്യവും പ്രതിഫലിപ്പിച്ചുകൊണ്ട് കുട്ടികൾ ദേശസ്നേഹം തുളുമ്പുന്ന ഹിന്ദിഗാനങ്ങൾ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്തു.

സെപ്റ്റംബർ 5 അധ്യാപകദിനത്തോടനുബന്ധിച്ച് ചിത്ര രചനാമത്സരം, പോസ്റ്റർ മത്സരം എന്നിവ നടത്തുവാൻ തീരുമാനിച്ചു.


സെപ്റ്റംബർ 14 ഹിന്ദിദിവസ് വിപുലമായി ആചരിക്കുവാൻ തീരുമാനിച്ചു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത, കലാപരമായ കഴിവുകൾ, ഭാഷാവൈദഗ്ധ്യവും എടുത്തു കാണിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.
[കവിത, എഴുത്ത് മത്സരം, ഭാഷ, സംസ്കാരം, പ്രകൃതി, ദേശസ്നേഹം എന്നിവ ഉൾപ്പെടുന്ന കവിതകൾ, കവിതാനിർമ്മാണം, അക്ഷരമാല ചാർട്ട് നിർമ്മാണം എന്നിവ.]

ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് പ്രസംഗ മത്സരം, ചിത്രരചനാ മത്സരം, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

നവംബർ 1 കേരളപ്പിറവിയോടനുബന്ധിച്ച് കേരളത്തിനെ കുറിച്ച് പാട്ട് അതുപോലെ പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

നവംബർ 14 ശിശുദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

ജനുവരി 10 ലോക ഹിന്ദി ദിവസത്തോടനുബന്ധിച്ച് കുട്ടികൾക്ക് കവിതാരചന മത്സരം നടത്തുവാൻ തീരുമാനിച്ചു. ഭാഷയുടെ മഹത്വത്തെപ്പറ്റി കുട്ടികളിൽ ബോധവൽക്കരണം നടത്തുന്നതിന് ക്ലാസ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഹിന്ദി അന്താരാഷ്ട്ര ഭാഷയായി അംഗീകരിക്കാൻ ലോകത്തെ ഏറ്റവും ശക്തമായ സന്ദേശങ്ങളെയും മുദ്രാവാക്യങ്ങളെയും ഉയർത്തിക്കാട്ടുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.


N
W
E
S
NW
NE
SW
SE
SOCIAL
SCIENCE

# Social Science.

ജനാധിപത്യ അവബോധം, ചരിത്രപരമായ ഉൾക്കാഴ്ച, പൗര ഉത്തരവാദിത്വം എന്നിവ വളർത്തിയെടുക്കൽ

## → പ്ലാസ്റ്റിക് രഹിത വിദ്യാലയം

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും സുസ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ വർഷം സ്കൂൾ പ്ലാസ്റ്റിക് രഹിതമാക്കുന്നു. പരിസ്ഥിതി സൗഹൃദ ബദലുകളിലേക്ക് മാറാനും സ്കൂൾ വൃത്തിയാക്കൽ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കും.

ലക്ഷ്യങ്ങൾ:-

* മലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
* പേപ്പർ പേനകൾ ബാഗുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

Process

* സ്കൂൾ പരിസരത്ത് നിന്ന് വിദ്യാർത്ഥികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു.
* പഞ്ചായത്ത് [illegible] നൽകുന്ന ബിന്നുകളിലാണ് മാലിന്യം നിക്ഷേപിക്കുന്നത്.

Duration:- ഒരു വർഷം

Teacher in charge:- Bindhu V.P, Safeera M

ജൂലൈ 11 ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, പോസ്റ്റർ രചനാ മത്സരം എന്നിവ നടത്താനും തീരുമാനിച്ചു.

## → സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്

ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, യഥാർത്ഥ തിരഞ്ഞെടുപ്പ് പ്രക്രിയയെ അനുകരിക്കുന്ന ഒരു സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വിദ്യാർത്ഥികൾ പങ്കെടുക്കും.

Objectives:-

* ജനാധിപത്യ മൂല്യങ്ങളും നേതൃത്വ ഗുണങ്ങളും വികസിപ്പിക്കുക.
* തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുക.
* തിരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ചും സത്യപ്രതിജ്ഞാ ചടങ്ങിനെക്കുറിച്ചും അറിയുക.

**Process:-** * തിരഞ്ഞെടുപ്പ് വിജ്ഞാപനം
* നാമനിർദ്ദേശങ്ങൾ സമർപ്പിക്കലും പിൻവലിക്കലും
* പ്രചാരണം
* വോട്ടിംഗ്
* ഫലപ്രഖ്യാപനം.

→ **ഹിരോഷിമ & നാഗസാക്കി ദിന ആചരണം**

സമാധാന സന്ദേശം പ്രചരിപ്പിക്കുന്നതിനും യുദ്ധത്തിന്റെയും ആണവായുധങ്ങളുടെയും ആഘാതം ഉയർത്തിക്കാണിക്കുന്നതിനുമായി സ്കൂൾ ഹിരോഷിമ, നാഗസാക്കി ദിനം ആചരിക്കും

**Objectives:-**
* സമാധാനവും അഹിംസയും പ്രോത്സാഹിപ്പിക്കുക.
* ആണവയുദ്ധത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുക.
* ആഗോള ഐക്യത്തെ വിലമതിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

**Process:-**
* കൊളാഷ് നിർമ്മാണം.
  യുദ്ധത്തിന്റെ അനന്തരഫലങ്ങളും സമാധാനത്തിന്റെ മൂല്യവും വിദ്യാർത്ഥികൾ ചിത്രീകരിക്കുന്നു.
* സഡാക്കോ പേപ്പർ ക്രെയിൻ.

→ **മെഗാ ക്വിസ് (August 15)**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയെ ഉയർത്തിക്കാട്ടുന്നതിനായി ഒരു മെഗാ ക്വിസും പ്രോജക്ട് നിർമ്മാണ പ്രവർത്തനവും നടത്തും.

**Objectives:-**
* അറിവ് ശക്തിപ്പെടുത്തുക
* ദേശീയ നേതാക്കളുടെ സംഭാവനകൾ തിരിച്ചറിയുക.
* അക്കാദമിക് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസം വളർത്തുക.

**Process:-**

ക്ലാസുകളിൽ നിന്നും സെലക്ട് ചെയ്ത കുട്ടികൾ ഒരുമിച്ച് ഒരു ക്വിസ് നടത്തും.

→ September 16 ഓസോൺ ദിനത്തിൽ ഓസോൺ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് സെമിനാർ നടത്തുകയും ഓസോൺ പാളിയുടെ

ശോഷണങ്ങളെക്കുറിച്ച് പോസ്റ്റർ രചനാമത്സരം നടത്തുകയും ചെയ്തു.

→ ഗാന്ധിജയന്തി (October 2)

ഗാന്ധിജിയുടെ വൈശിഷ്ട്യങ്ങളെ ആദരിക്കുന്നതിനായി, വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ സത്യം, അഹിംസ, സ്വാശ്രയത്വം എന്നീ തത്വങ്ങളെ പ്രതിഫലിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടും.

Objectives:-

* മഹാത്മാഗാന്ധിയുടെ ജീവിതത്തെയും ആശയങ്ങളെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുക.
* ലാളിത്യം, ധൈര്യം, സത്യസന്ധത തുടങ്ങിയ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുക.

Process:-

* ഗാന്ധിജിയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ്
* കൈകൊണ്ട് നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം

→ സാമൂഹിക ശാസ്ത്ര മേള തയ്യാറാക്കൽ

ഈ വർഷത്തെ സാമൂഹിക ശാസ്ത്ര മേള വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗാത്മകത പ്രദർശിപ്പിക്കാനും വിഷയത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കാനും അവസരം നൽകും.

Objectives:-

* ഉപജില്ലാതല മത്സരങ്ങളിൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
* ഗവേഷണം, സർഗ്ഗാത്മകത, അവതരണം എന്നിവ വളർത്തിയെടുക്കുക.

Process:-

* സ്റ്റിൽ മോഡലുകൾ, വർക്കിംഗ് മോഡലുകൾ നിർമ്മിക്കുക.
* തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുക.

കേരളപ്പിറവി (നവംബർ 1)

കേരള പിറവി ആഘോഷിക്കുമ്പോൾ സംസ്ഥാനത്തിന്റെ സംസ്കാരത്തെയും വളർച്ചയെയും കുറിച്ചുള്ള ആഴത്തിലുള്ള ധാരണ നൽകുന്ന പ്രവർത്തനങ്ങൾ നടക്കും.

Objectives:-

* കേരളത്തിന്റെ ചരിത്രത്തെയും വർത്തമാനകാല വെല്ലുവിളികളെയും കുറിച്ചുള്ള അറിവ് വികസിപ്പിക്കുക

* കൊളാഷ് നിർമ്മാണം, ചാർട്ട് തയ്യാറാക്കൽ, അറ്റ്ലസ് നിർമ്മാണം തുടങ്ങിയ പ്രായോഗിക കഴിവുകൾ പഠിക്കുക.

Process :-

കൊളാഷ് നിർമ്മാണം

* കേരള പിറവിയെക്കുറിച്ചുള്ള ക്വിസ് മത്സരം
* അറ്റ്ലസ് നിർമ്മാണം.

## ഫീൽഡ് ട്രിപ്പ് (നവംബർ)

നവംബർ അവസാന വാരത്തിൽ സോഷ്യൽ സയൻസ് ക്ലബ്ബിലെ കുട്ടികളെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കാൻ തീരുമാനിച്ചു.

Objectives :-

* വിദ്യാർത്ഥികൾക്ക് പ്രായോഗിക അനുഭവവും പ്രായോഗിക പഠന അവസരങ്ങളും നൽകുക.
* ~~വ്യക്തിക~~ ചരിത്ര സംഭവങ്ങൾ, സാംസ്കാരിക പ്രാധാന്യം എന്നിവ മനസ്സിലാക്കുക.

Process :-

പഠനയാത്ര നടത്തുക.

## മനുഷ്യാവകാശ ദിനം (December 10)

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുണ്ട് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു.

Objectives :-

* മനുഷ്യാവകാശങ്ങൾ, അവയുടെ പ്രാധാന്യം, മനുഷ്യാവകാശ ലംഘനങ്ങളുടെ ആഘാതം എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുക.
* സമത്വം, നീതി, അന്തസ്സ് എന്നിവയുൾപ്പെടെയുള്ള മനുഷ്യാവകാശ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്തുക.

Process :-

* സെമിനാർ

## → റിപ്പബ്ലിക് ദിനം ജനുവരി (26)

ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതിനെക്കുറിച്ചു ഭരണഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കുന്നു.

336 School

## objectives :-

* പൗരന്മാരിൽ ദേശസ്നേഹവും ദേശീയ അഭിമാനവും വളർത്തുക, ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ ഉയർത്തിക്കാട്ടുക, നാടിന്റെ ജനാധിപത്യ മൂല്യങ്ങൾ ആഘോഷിക്കുക.
* 1950 ജനുവരി 26 ന് ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ ഓർമ്മപ്പെടുത്തൽ, അതിന്റെ ആദർശങ്ങളോടും മൂല്യങ്ങളോടും രാജ്യത്തിന്റെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുക.

## Process :-

* ദേശഭക്തിഗാനം
* പ്രസംഗം
* ക്വിസ് മത്സരം.